## പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)

## 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2017 മേയ് 25-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)

**2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

783/2017.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |

## സബ്ജക്ട് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

## (2016-2018)

### ഘടന

<u>ചെയർമാൻ:</u>

ശ്രീ. എ. സി. മൊയ്തീൻ,

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ഡോ. ടി. എം.തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി സുമകുമാരി. ജി, അഡീഷണൽ സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2016-2017-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് വ്യവസായ വകുപ്പിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ 23-5-2017-ന് ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2017 മേയ് 23-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2017 മേയ് 23.

# റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 ആഗസ്റ്റ് 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2016 സെപ്റ്റംബർ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ വ്യവസായ വകുപ്പിനെ സംബന്ധിക്കുന്ന 63 ശിപാർശകളാണ് ഉണ്ടായിരുന്നത്. ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായ അനന്തരനടപടി സ്റ്റേറ്റ്മെന്റുകൾ 23-5-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2016-2017-ലെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ഭാഗം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം ഭാഗം II ആയും ചേർത്തിരിക്കുന്നു.

## ഭാഗം I

## 2016-2017-ലെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളും

### ശിപാർശ

കയറിനും കയർ ഉൽപ്പന്നങ്ങൾക്കുമുള്ള റിബേറ്റ് സ്കീമിനുപകരം കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നടപ്പാക്കി വരുന്ന വിപണന വികസന സഹായം (എം.ഡി.എ.) എന്ന 50% കേന്ദ്രസഹായ പദ്ധതിക്ക് കേന്ദ്രസഹായത്തിന് സമാനമായി 50% തുക സംസ്ഥാന സർക്കാരും വഹിക്കേണ്ടതാണെന്നും കേന്ദ്ര സഹായം റീഇംബേഴ്സ്മെന്റായി മാത്രമേ ലഭ്യമാകുകയുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു. 2015-16 വർഷത്തെ കേന്ദ്രവിഹിത കുടിശ്ശികയായ 400 ലക്ഷം രൂപയും നടപ്പുവർഷത്തെ കേന്ദ്ര വിഹിതമായ 800 ലക്ഷം രൂപയും ചേർത്ത് സഹായം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം എം.ഡി.എ. പദ്ധതിക്കായി 800 ലക്ഷം രൂപ സംസ്ഥാന വിഹിതമായി അനുവദിച്ചിരുന്നു. ടി വർഷത്തെ കേന്ദ്ര വിഹിതവും അധിക സംസ്ഥാന വിഹിതവും ചേർത്ത് 2579.06 ലക്ഷം രൂപയുടെ എസ്.ഡി.ജി. പ്രൊപ്പോസൽ ലഭ്യമായെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം നിരസിച്ചു സംസ്ഥാന വിഹിതമായി അനുവദിച്ച 800 ലക്ഷം രൂപയും, 2015-16-ലെ കേന്ദ്രവിഹിതയിനത്തിൽ അനുവദിച്ച 400 ലക്ഷം രൂപയും ചേർത്ത് 1200 ലക്ഷം രൂപ 25 സി.എം.ആന്റ് എം.സി.എസ്.കൾക്കും, കയർഫെഡ്, കെ.എസ്.സി.സി., ഫോമിൽ എന്നീ സ്ഥാപനങ്ങൾക്കും അനുവദിച്ചു നൽകിയിട്ടുണ്ട്.

ശിപാർശ

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റു ക്ഷേമപദ്ധതികൾ എന്നിവ നടപ്പിലാക്കാൻ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുകയിൽ 29 കോടി രൂപ 3/2016 വരെയുള്ള കുടിശ്ശിക പെൻഷൻ വിതരണത്തിന് അനുവദിച്ചതായി സമിതി മനസ്സിലാക്കുന്നു. ശേഷിക്കുന്ന 3 കോടി രൂപ 2016-17 വർഷത്തെ പെൻഷൻ വിതരണത്തിനായി തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കയർ തൊഴിലാളികൾക്ക് ഈ സാമ്പത്തികവർഷം പെൻഷൻ നൽകുന്നതിലേക്കായി 1800 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തിയിരുന്നു. ടി തുകയോടൊപ്പം 20,57,71,000 രൂപയുടെ എസ്.ഡി.ജി. പ്രൊപ്പോസൽ നൽകിയിരുന്നു. തുടർന്ന് 54,57,50,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു അപ്രകാരം ആകെ 86,57,50,000 രൂപ കയർ തൊഴിലാളി പെൻഷനും മാച്ചിംഗ് ഗ്രാന്റും നൽകുന്നതിനായി വിനിയോഗിച്ചു

## ശിപാർശ

കയർ വികസന വകുപ്പിലെ ജീവനക്കാർക്ക് ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 32.67 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

## സ്വീകരിച്ച നടപടി

2016-17 ബജറ്റിൽ 163.34 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിരുന്നത്. 20-3-2017-ലെ ജി.ഒ. (ആർറ്റി.) നമ്പർ 2254/17/ഫിൻ. പ്രകാരം 1,50,000 രൂപ റീ അപ്രോപ്രിയേഷൻ വഴി ഈ ശീർഷകത്തിലേക്ക് അനുവദിച്ചു.

## ശിപാർശ

കയർ വികസന ഡയറക്ടറേറ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കിൾ ആഫീസുകളുടെയും വാടക കുടിശ്ശിക നൽകുന്നതിനായും ഡീസൽ വില വർദ്ധനവുമൂലം അധിക തുക ആവശ്യമായി വരുന്നതിനാലും ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ 265.80 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

## സ്വീകരിച്ച നടപടി

2016-17 ബജറ്റിൽ 1328.68 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 20-3-2017-ലെ ജി.ഒ. (ആർറ്റി.) നമ്പർ 2254/17/ഫിൻ പ്രകാരം 74,000 രൂപ റീ അപ്രോപ്രിയേഷൻ വഴി ഈ ശീർഷകത്തിലേക്ക് അനുവദിച്ചു.

## ശിപാർശ

കാപ്പക്സിൽ ഓഹരിധനം, മൂലധന നിക്ഷേപം, ദേശീയ വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോളവൽക്കരണത്തിനും പ്രവർത്തന മൂലധനം എന്നിവയ്ക്കുവേണ്ടി 35 കോടി രൂപ ആവശ്യമാണെന്നും ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി പദ്ധതി ഇനത്തിൽ 3500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം 2016-17 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

കാപ്പക്സിൽ നിന്നും 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ വിരമിച്ച തൊഴിലാളികൾക്കും ജീവനക്കാർക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനായി 8 കോടി രൂപ വേണ്ടിവരുമെന്ന് സമിതി വിലയിരുത്തുന്നു. ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 800 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അപര്യാപ്തതമൂലം 2016-17 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

കശുവണ്ടി വികസന കോർപ്പറേഷന് ലഭിച്ച നിലവിലെ ബഡ്ജറ്റ് വിഹിതം കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആധുനികവത്കരണത്തിനും മാത്രമേ പര്യാപ്തമാകുകയുള്ളൂ എന്ന് സമിതി കരുതുന്നു. ആകയാൽ തൊഴിലാളികൾക്ക് അവർക്കർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും ബാങ്കുകൾക്ക് നൽകുവാനുള്ള ബാധ്യത തിരിച്ചടയ്ക്കുന്നതിനും പ്രവർത്തന മൂലധനമായും അധിക തുക വകയിരുത്തേണ്ടതുണ്ട് എന്ന് സമിതി വിലയിരുത്തുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗികമായ യന്ത്രവൽക്കരണത്തിനും ബഡ്ജറ്റ് വിഹിതം 3000 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനും പ്രവർത്തന മൂലധനമായി അധിക തുക വകയിരുത്തേണ്ടതുണ്ടെന്നുള്ള സമിതിയുടെ വിലയിരുത്തലിൽ വിഭവലഭ്യതയുടെ അപര്യാപ്തതമൂലം 2016-17 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

കശുവണ്ടി വികസന കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകുവാനുള്ള ബാധ്യതയിൽ സർക്കാർ ഏറ്റെടുത്തത് കിഴിച്ച് ബാക്കിയുള്ള 40 കോടി രൂപ, പ്രവർത്തന മൂലധനം ഇനത്തിൽ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകുന്നതിനുള്ള 59 കോടി രൂപ, തൊഴിലാളികൾക്ക് 2015 വരെയുള്ള ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള 51.72 കോടി രൂപ, 2014 ജൂലൈ മുതലുള്ള ഇ.പി.എഫ്. കടിശ്ശിക നൽകുന്നതിന് 6.04 കോടി രൂപ, 20 ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിനായി 25 കോടി രൂപ, 2016-17 വർഷത്തെ പ്രവർത്തന മൂലധനമായി 100 കോടി രൂപ എന്നീ ഇനങ്ങളിൽ 28,176 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

ബാങ്കുകൾക്ക് നൽകുവാനുള്ള ബാദ്ധ്യതയായ 40 കോടി രൂപയും പ്രവർത്തന മൂലധനമായി നൽകുവാനുള്ള 59 കോടി രൂപയും ബഹു. ഗവൺമെന്റ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപ്പെടുത്തി ആകെ 80 കോടി ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാക്കി തുക വിഭവലഭ്യതയുടെ അപര്യാപ്തതമൂലം 2016-17 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

ട്രാവൻകൂർ സിമെന്റ്സിന് വെള്ള സിമന്റ് ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ ക്ലിങ്കർ വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ തുക കണ്ടെത്താനാവാത്തതിനാൽ ഉൽപ്പാദനവും വിപണനവും കുറഞ്ഞ് കമ്പനി നഷ്ടത്തിലേക്ക് കൂപ്പ് കുത്തുന്ന അവസ്ഥയിലാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രവർത്തന മൂലധനമായി 1000 ലക്ഷം രൂപയും, വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും കാലപ്പഴക്കം ചെന്ന പായ്ക്കിംഗ് ഉപകരണം മാറ്റി പുതിയ ഉപകരണം വാങ്ങുന്നതിനായും, ഡ്രഡ്ജർ, സ്ക്രീനിംഗ് പ്ലാന്റ്, വിഞ്ച് ബോട്ട് മുതലായവയുടെ നവീകരണത്തിനായും ഫാക്ടറിയുടെ മലിനീകരണ നിയന്ത്രണ സംവിധാനം ഓൺലൈൻ ആക്കുന്നതിനായും നിക്ഷേപ മൂലധനമായി 240 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1240 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

ട്രാവൻകൂർ സിമന്റ്സിന് പ്രവർത്തനമൂലധനമായി 146 ലക്ഷം രൂപയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 350 ലക്ഷം രൂപയുമാണ് ആകെ അനുവദിച്ചത്.

<u>ശിപാർശ</u>

മലമ്പുഴ, ചുള്ളിയാർ, വാളയാർ തുടങ്ങിയ അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കം ചെയ്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഡീസിൽറ്റിംഗ് പദ്ധതി വഴി വേർതിരിച്ച് എടുക്കുന്ന മണൽ നിർമ്മാണ പ്രവൃത്തികൾക്കും, ചെളി, ഇഷ്ടിക, ഓട് തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായും ഉപയോഗിക്കാൻ കഴിയുമെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാനത്തെ മണൽക്ഷാമത്തിന് പരിഹാരമാകാവുന്ന 544 ലക്ഷം രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി നിലവിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കെംഡലിന് 1731 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

അലോപ്പതി മരുന്ന് ഉൽപ്പാദിപ്പിക്കുന്ന, കേരള സർക്കാരിന്റെ കീഴിലുള്ള ഏക വ്യവസായ സ്ഥാപനമായ കെ.എസ്.ഡി.പി. നിലവിൽ 35 തരം മരുന്നുകൾ ഉൽപ്പാദിപ്പിച്ച് എല്ലാ ജില്ലകളിലെയും സർക്കാർ ആശുപത്രികൾക്ക് നൽകി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കെ.എസ്.ഡി.പി.ക്ക് 2016-17-ലെ പ്രവർത്തന മൂലധനമായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് മരുന്നുല്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ, വാങ്ങുന്നതിനും സാങ്കേതിക വിദ്യയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 474.18 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. സമിതി ശിപാർശ ചെയ്ത 500 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടില്ല.

ശിപാർശ

ട്രാക്കോ കേബിൾസ് ലിമിറ്റഡിന്റെ കൊച്ചിയിലെ പ്രധാന കാര്യാലയം നവീകരിക്കുന്നതിന് 10 ലക്ഷം രൂപയും, കമ്പനിയുടെ വർക്കിംഗ് ക്യാപ്പിറ്റൽ മാർജിൻ മണിയായി 1000 ലക്ഷം രൂപയും ഇരുമ്പനം യൂണിറ്റിന് 651 ലക്ഷം രൂപയും തിരുവല്ല യൂണിറ്റിന് 663 ലക്ഷം രൂപയും തലശ്ശേരി യൂണിറ്റിന് 112 ലക്ഷം രൂപയും ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി 2436 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

റിപ്പോർട്ടിൽ ശിപാർശ ചെയ്ത 2436 ലക്ഷം രൂപ കമ്പനിക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ നിയമാനുസൃതമായ കുടിശ്ശിക ഒടുക്കുന്നതിനും മൂലധന നിക്ഷേപത്തിനുമായി ആകെ 6 കോടി രൂപ മാത്രമാണ് ട്രാക്കോ കേബിൾ കമ്പനിക്ക് അനുവദിച്ചത്.

ശിപാർശ

കെ.സി.സി.പി.യുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 20 കോടി രൂപയുടെ ഡെയറി ഫാം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കപ്പെട്ടതായും പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി 12 കോടി ചെലവ് വരുമെന്നും അതിൽ 2 കോടി കമ്പനിതന്നെ കണ്ടെത്തുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി വേണ്ടിവരുന്ന ശേഷിക്കുന്ന 1000 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 330 ലക്ഷം രൂപയാണ് കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന് അനുവദിച്ചത്. സമിതി ശിപാർശ ചെയ്ത 1000 ലക്ഷം രൂപ കമ്പനിയ്ക്ക് അനുവദിച്ചിട്ടില്ല.

ശിപാർശ

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ അടിസ്ഥാന സൗകര്യ വികസനം, മെഷിനറി, പ്രവർത്തന മൂലധനം എന്നിവയ്ക്കായി തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

പ്രവർത്തന മൂലധനമായി 500 ലക്ഷം രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

ഒട്ടനവധി വ്യവസായങ്ങൾക്കാവശ്യമായ രാസപദാർത്ഥങ്ങൾ നിർമ്മിക്കുന്ന ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണ വികസന പദ്ധതികൾക്കായി 5000 ലക്ഷം രൂപയോളം ചെലവ് വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ പുതിയ ഉത്പാദന മേഖലയിലേക്ക് കടക്കാനാവശ്യമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി കമ്പനിയുടെ വൈവിധ്യവത്ക്കരണത്തിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ തയ്യാറാക്കിയിരുന്നില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത 3000 ലക്ഷം രൂപ കമ്പനിക്ക് അനുവദിച്ചിട്ടില്ല.

ശിപാർശ

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണത്തിനും അത്യാവശ്യ യന്ത്രസാമഗ്രികളുടെ പുനഃസ്ഥാപനത്തിനുമായി കമ്പനി നിരവധി പദ്ധതികൾ

ആവിഷ്കരിച്ചിട്ടുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. കോപ്പറാസ് റിക്കവറി പ്ലാന്റ് നവീകരണം, നിലവിലെ ടൈറ്റാനിയം ഡയോക്സൈഡ്, സൾഫ്യൂറിക് ആസിഡ് പ്ലാന്റുകൾ എന്നിവയുടെ യന്ത്രസാമഗ്രികൾ മാറ്റി സ്ഥാപിക്കൽ എന്നിവയ്ക്കു പുറമെ പുതുതായി ഫൈബർ ഗ്രേഡ് ടൈറ്റാനിയം ഡൈഓക്സൈഡ് ഉൽപ്പാദനം കൂടി കമ്പനി ലക്ഷ്യമിടുന്നു. ഇവയ്ക്കെല്ലാം കൂടി 51 കോടി രൂപ ആവശ്യം വരുമെന്നും പ്രവർത്തന മൂലധനമായി 15 കോടി രൂപ ഉൾപ്പെടെ 66 കോടി രൂപയാണ് കമ്പനിക്കുവേണ്ടി വരുന്നതെന്നും സമിതി കണക്കാക്കുന്നു. ബഡ്ജറ്റിൽ അനുവദിച്ച തുക കിഴിച്ച് മേൽ സൂചിപ്പിച്ച ആവശ്യങ്ങൾക്കായി 6100 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ പുനരുദ്ധാരണ മൂലധനമായി 500 ലക്ഷം രൂപയും നിയമാനുസൃതമായ കുടിശ്ശിക ഒടുക്കുന്നതിനായി 499.23 ലക്ഷം ചേർത്ത് 999.23 ലക്ഷം രൂപയുമാണ് ആകെ അനുവദിച്ചത്.

ശിപാർശ

പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾക്കും സെമിനാറുകൾ/ശില്പശാലകൾ എന്നിവയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചെലവുകൾക്കുമായി നോൺ-പ്ലാനിൽ നടപ്പുവർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നോൺ-പ്ലാൻ ഇനത്തിൽ 178 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം റിയാബിന്റെ പ്രവർത്തനങ്ങൾക്കായി നോൺ-പ്ലാൻ ഇനത്തിൽ 10 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. സമിതി ശിപാർശ ചെയ്ത 178 ലക്ഷം രൂപ അധികമായി റിയാബിന് നൽകിയിട്ടില്ല.

## ഭാഗം II

## 2016-2017-ലെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ

ഖണ്ഡികകൾ 1 മുതൽ 15 വരെ, ഖണ്ഡിക 20, 25 മുതൽ 28 വരെ, 30 മുതൽ 38 വരെ, 41 മുതൽ 45 വരെ, ഖണ്ഡിക 51, 53 മുതൽ 63 വരെ.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2017 മേയ് 23.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.